# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 187 06.01.2014-ൽ മറുപടിയ്ക്ക്

## വ്യാജ എസ്.എം.എസ്, ഇ-മെയിൽ തട്ടിപ്പ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സി. ദിവാകരൻ | ശ്രീ.രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും, വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) വ്യാജ എസ്.എം.എസ്, ഇ-മെയിൽ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; | (എ) വ്യാജ എസ്.എം.എസ്, ഇ-മെയിൽ തട്ടിപ്പുകളുമായി ബന്ധപ്പെട്ട് 111 കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. |
| (ബി) പ്രസ്തുത കേസുകൾ ജില്ലാതലത്തിൽ അന്വേഷിക്കുന്നതിന് ചുമതലപ്പെടുത്തപ്പെട്ട ഉദ്യോഗസ്ഥർ ആരാണ്; ഇത്തരത്തിലുള്ള തട്ടിപ്പുകൾ തടയാൻ സ്വീകരിച്ച നടപടികൾ എന്താണ് എന്ന് അറിയിക്കുമോ? | (ബി) പോലീസ് ഇൻസ്പെക്ടർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥരാണ് പ്രസ്തുത കേസുകൾ ജില്ലാതലത്തിൽ അന്വേഷിക്കുന്നതിന് ചുമതലപ്പെട്ടത്. സൈബർ പോലീസ് സ്റ്റേഷന്റെയും ഹൈടെക് സെല്ലിന്റെയും ജില്ലാ സൈബർ സെല്ലുകളുടേയും സഹായത്തോടെ വ്യാജ എസ്.എം.എസ്, ഇ-മെയിൽ തട്ടിപ്പുമായി ബന്ധപ്പെട്ട കേസുകൾ അന്വേഷണം നടത്തിവരുന്നതും തട്ടിപ്പുകൾ തടയുന്നതിനായി ജനമൈത്രി പോലീസ് സംവിധാനം ഉപയോഗിച്ചും റസിഡന്റ്സ് അസോസിയേഷനുമായി ബന്ധപ്പെട്ടും ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ